സർവ്വ ശിക്ഷാ അഭിയാൻ കേരളം 702

നിരന്തര മൂല്യനിർണ്ണയം - യൂണിറ്റ് ടെസ്റ്റ് 2011-12

ചോദ്യ ബാങ്ക്

ക്ലാസ്സ് : VII വിഷയം : മലയാളം (കേരള പാഠാവലി)

**മേഖല : I - വിലയിരുത്തൽ കുറിപ്പ്**

പ്രവർത്തനം : 1

ജീവിതം ജീവിച്ചു തീർക്കാൻ ഓരോരുത്തരും ഓരോ വേഷം കെട്ടിയാടുന്നു. അത്യപൂർവമായ ചില ജീവിത വേഷങ്ങൾ നമ്മെ വിസ്മയപ്പെടുത്തും. അത്തരമൊരു വിസ്മയക്കാഴ്ചയാണ് എറണാകുളം ജില്ലയിലെ വൈപ്പിൻ മുനമ്പിനടുത്ത് മഞ്ഞുമാതാപ്പള്ളി സെമിത്തേരിയുടെ കാവലാളയി, മരിച്ച ഓരോരുത്തർക്കും ശവക്കുഴി ഒരുക്കി മരണത്തിനൊപ്പം നില്ക്കുന്ന ബേബി.

യജമാനനുവേണ്ടി സ്വന്തം ജീവിതം ഹോമിക്കുന്ന കർഷക സ്ത്രീയും, ജീവിതം മുന്നോട്ടു നീക്കാൻ പാടുപെടുന്ന ഭുവനയുടെ അമ്മയും ബേബിയെപ്പോലെ ജീവിതത്തോടു മല്ലടിക്കുന്നവർ തന്നെയല്ലേ !

**നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക.**

പ്രവർത്തനം : 2

കൊയ്ത്തിന് ആളെ കിട്ടാനില്ല.

മഴ ചതിച്ചു ; വിളഞ്ഞ നെല്ലുകൾ കിളിർത്തു.

കൊയ്ത്തു യന്ത്രവും കാത്ത് കർഷകർ.

കുട്ടനാട് പാടശേഖരം വെള്ളത്തിനടിയിൽ.

ആനുകാലികങ്ങളിൽ അടുത്തകാലത്തായി കാണുന്ന പത്രവാർത്തകളുടെ തലക്കെട്ടുകളിൽ ചിലതാണിത്. ഈ തലക്കെട്ടുകൾ വായിച്ചതിൽ നിന്നും ഇന്നത്തെ **കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ഒരു കുറിപ്പായി രേഖപ്പെടുത്തുക.**

പ്രവർത്തനം : 3

‘നാലു കണ്ടത്തിൽ നടുക്കണ്ടത്തിന്മേൽ

കാളയെ പൂട്ടി തിന്താരോ........

കാളയെ പൂട്ടിട്ടു തേവീ ഞാനും

തമ്പ്രാൻ പടിക്കലും ചെന്നേൻ..

കൂലിതായോ കൂലി തായോ...........

എന്റെ കൊച്ചമ്പ്രാനേ തിന്താരോ’.............

നാടൻ പാട്ടിന്റെ സൗന്ദര്യം നിറഞ്ഞു നിൽക്കുന്ന വരികളാണിവ. നാടൻ പാട്ടുകൾ ജീവിതവുമായി വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്നതായി കാണാൻ സാധിക്കും. തൊഴിലുമായി ബന്ധപ്പെട്ട് ഇത്തരം ധാരാളം പാട്ടുകൾ നിലവിലുണ്ട്. *ആധുനിക സമൂഹത്തിൽ ഈ നാടൻ പാട്ടുകളുടെ പ്രസക്തി എന്താണ്?* **നിങ്ങളുടെ അഭിപ്രായം കുറിപ്പാക്കുക.**

പ്രവർത്തനം : 4

ആരാകാനാണിഷ്ടം ? റോസി ടീച്ചർ ക്ലാസ്സിൽ ചോദിച്ചു. എനിക്ക് പോലീസാകണം. രാജു പെട്ടെന്നു പറഞ്ഞു. ഉണ്ണിക്കുട്ടനു സാറായാൽ മതി. സാറായിട്ടെന്തു കിട്ടാനാ? രാജു അവനെ കളിയാക്കി. ഓപ്പറേഷൻ ചെയ്യുന്ന ഡോക്ടറായാൽ മതി രാജിക്ക്. അതാകുമ്പോൾ ഒത്തിരി കാശു കിട്ടുമല്ലോ ? – അവൾ പറഞ്ഞു. ഇങ്ങനെ പോയി മറുപടികൾ

*നിങ്ങൾ ആരായിത്തീരുമെന്ന് ചിന്തിച്ചിട്ടുണ്ടാവുമെല്ലോ? നിങ്ങൾ തെരഞ്ഞെടുക്കുന്ന തൊഴിൽ എന്തായിരിക്കും*? **എന്തുകൊണ്ട്? കുറിപ്പ് തയ്യാറാക്കുക.**

പ്രവർത്തനം : 5

‘‘മരിക്ക സാധാരണ, മീ വിശപ്പിൽ

ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം’’.

എന്ന് വർഷങ്ങൾക്കുമുമ്പ് വള്ളത്തോൾ പാടിയിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കപ്പെടുമ്പോഴും ഇത്തരക്കാരുടെ എണ്ണത്തിൽ കുറവുവരുത്തുവാൻ നമുക്ക് സാധിച്ചിട്ടില്ല. അതേസമയം ലോക സമ്പന്നരുടെ പട്ടികയിൽ ധാരാളം ഭാരതീയർ ഇടം പിടിച്ചിട്ടുണ്ട്. **ഈ സ്ഥിതി വിശേഷത്തെ അടിസ്ഥാനമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.**

**മേഖല : കഥാരചന**

പ്രവർത്തനം : 1

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ മറഞ്ഞു.പണിക്കാരെല്ലാം പോയിക്കഴിഞ്ഞു. അയാൾ കൂടുതൽ വെടിപ്പോടെ ജോലി ചെയ്തുകൊണ്ടേയിരുന്നു. ദൂരെ നിന്നും ഒരു വെളിച്ചം അടുത്തടുത്തു വന്നു. മുതലാളി ഈ സമയത്ത് പതിവില്ലല്ലോ ? അയാളുടെ മുഖത്ത് ഉത്കണ്ഠയായി.....

..................................................................................................................................................

..................................................................................................................................**കഥ പൂർത്തിയാക്കുക.**

പ്രവർത്തനം : 2

നാലാം ക്ലാസ്സിലെ അദ്ധ്യാപകനായിരുന്നു സിബി മാഷ്. ക്ലാസ്സിലെ കുട്ടികളുടെ വീടുകൾ സന്ദർശിക്കുക അദ്ദഹത്തിന്റെ ശീലമായിരുന്നു. കുട്ടികളുടെ പഠനകാര്യങ്ങൾ അദ്ദേഹം രക്ഷിതാക്കളുമായി ചർച്ച ചെയ്യുമായിരുന്നു. അന്നും പതിവു പോലെ സിബി മാഷ് നടക്കാനിറങ്ങി. ഇന്ന് നജീബിന്റെ വീട്ടിൽ പോയാലോ. മാഷ് അങ്ങോട്ടു നടന്നു. വീട്ടുമുറ്റത്ത് എത്തിയപ്പോൾ ആകെ ക്ഷീണിതനായി നജീബ് വരാന്തയിലിരിക്കുന്നു........................................................................................

...................................................................................................................................................

നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് ഈ കഥ വികസിപ്പിച്ച് എഴുതുക

പ്രവർത്തനം : 3

രമേശൻ മാഷ് സ്കൂളിൽ നിന്ന് മടങ്ങുകയായിരുന്നു. വഴിവക്കിൽ കിടക്കുന്ന സാധനങ്ങൾ പെറുക്കിയെടുക്കുന്ന ഒരു സ്ത്രീ കൂടെ ഏഴോ എട്ടോ വയസ്സു തോന്നിക്കുന്ന ഒരു കുട്ടിയുമുണ്ട്.

''ഇവൻ സ്കൂളിൽ പോകുന്നുണ്ടോ?'' അടുത്തെത്തിയപ്പോൾ മാഷ് ചോദിച്ചു. ഇല്ലെന്ന് അവർ ആഗ്യം കാട്ടി.

''ഇവനെ സ്കൂളിൽ ചേർക്കണം. നാളെ കവലയിലെ സ്കൂളിലേക്ക് കൊണ്ടു വന്നേക്ക്. ഞാൻ അവിടെ കാണും.'' - മാഷ് പറഞ്ഞു.

വീട്ടിലേക്ക് നടക്കുമ്പോൾ മാഷിന്റെ മനസ്സിൽ ആ കുട്ടിയുടെ മുഖമായിരുന്നു .............

...................................................................................................................................................

....................................................................................... തുടർന്നുണ്ടായ സംഭവങ്ങൾ എന്തെല്ലാമായിരിക്കും.

**കഥ നിങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് പൂർത്തിയാക്കുക.**

പ്രവർത്തനം : 4

നഗരത്തിരക്കിലൂടെ അയാൾ അലയുകയായിരുന്നു. പെട്ടെന്നാണ് ആ ആൾക്കൂട്ടം അയാളുടെ ശ്രദ്ധയിൽ പെട്ടത്. കുറെപ്പേർ ചേർന്ന് ഒരാളെ തടഞ്ഞു നിർത്തിയിരിക്കുന്നു. അയാളും അങ്ങോട്ട് എത്തി നോക്കി. ആളെ കണ്ടപ്പോൾ അയാളറിയാതെ ഞെട്ടി. അത് തന്നോടൊപ്പം പഠിച്ചിരുന്ന, ക്ലാസ്സിലെ മികച്ചകുട്ടി, നന്ദുവല്ലേ? എന്തേ അവനിങ്ങനെ? ..........................................................

..........................................................................................................................................................

..........................................................................................................................................................

**ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കി എഴുതുക.**

പ്രവർത്തനം : 5

''ഞാനൊരിക്കലും പ്രതീക്ഷിക്കാത്തിടത്താണല്ലോ എത്തിച്ചേർന്നത്.'' ആ പോലീസുകാരൻ ചിന്തിച്ചു. ''ഗോപൂ'' കൂട്ടുകാരന്റെ വിളി അവനെ ചിന്തയിൽ നിന്നുണർത്തി. "ഇന്ന് കാട്ടുമല സ്കൂളിന്റെ നൂറാം വാർഷികമാണ്. നമുക്ക് അവിടെയാണ് ഡ്യൂട്ടി." ഗോപു മറ്റുള്ളപോലീസുകാർക്കൊപ്പം വാഹനത്തിൽ കയറി. കാട്ടുമല സ്കൂൾ , അവനിലെ ഓർമ്മകൾ ഉണർന്നു

..........................................................................................................................................................

..........................................................................................................................................................

**കഥയുടെ ബാക്കി ഭാഗം പൂർത്തിയാക്കുക.**

**മേഖല : ഉപന്യാസം**

പ്രവർത്തനം: 1

നെൽവയലുകളും പണിയെടുക്കുന്ന കർഷകരും കേരളത്തിലെ ഗ്രാമങ്ങളിൽ സർവ്വ സാധാരണമായ കാഴ്ചകളായിരുന്നു. ഇന്ന് പുത്തൻ സാമ്പത്തിക വളർച്ചയിൽ മണിമാളികളും ഫ്ളാറ്റ് സമുച്ചയങ്ങളും കേരള മണ്ണിലെ നെൽപ്പാടങ്ങളെ ഇല്ലായ്മ ചെയ്യുന്നു. മുറ്റത്ത് അടുക്കളത്തോട്ടമുണ്ടാക്കി സംരക്ഷിച്ചിരുന്ന കേരളീയർ പെയ്യുന്ന മഴവെള്ളത്തിന്റെ ഒരു തുള്ളി പോലും മുറ്റത്തു താഴാത്ത വിധം ടൈൽസ് പതിച്ചു തുടങ്ങിയിരിക്കുന്നു. കേരളം ഒരൊറ്റ നഗരമായി മാറുകയാണോ ?

**ഈ സാഹചര്യത്തിൽ 'മായുന്ന ഗ്രാമീണ ജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.**

പ്രവർത്തനം: 2

''അറിയുക ഞങ്ങളനേകം നിരകളിൽ
വറുതിയോടങ്കം വെട്ടുന്നോർ
മൃതിയായാളും പട്ടിണിയിൽ സ്വയ -
മെരിയുമ്പോഴും ജീവിപ്പോർ.''

പട്ടിണിയോടു പടവെട്ടി, പാടങ്ങളിൽ പണിയെടുക്കുന്ന കർഷക ജനത. കർഷകന്റെ ജീവിതാവസ്ഥയും അവന്റെ പ്രതിഷേധവും കൃഷിയോടും മണ്ണിനോടുമുള്ള അവന്റെ സ്നേഹവും എല്ലാം തിരുനെല്ലൂർ കരുണാകരന്റെ തരിശുനിലങ്ങളിലേക്ക് എന്ന കവിതയിൽ കാണാം.

എന്നാൽ ഇന്നത്തെ തലമുറ കൃഷിയേയും കർഷകനെയും അർഹിക്കുന്ന വിധത്തിൽ ആദരിക്കുന്നുണ്ടോ? മലയാളി ഇന്നു ഭക്ഷണം കഴിക്കണമെങ്കിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ്. *മണ്ണിനേയും വിളകളേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകത്തക്ക വിധത്തിൽ* **സ്കൂൾ നേച്ചർ ക്ലബ്ബിന്റെ വാർഷികത്തിന് അവതരിപ്പിക്കുന്നതിനായി ഒരു പ്രഭാഷണം തയ്യാറാക്കുക.**

പ്രവർത്തനം: 3

“കാടും പടലും വെണ്ണീറാക്കി -
കനകക്കതിരിനു വളമേകി
കഠിനമിരുമ്പും കുഴമ്പാക്കി പല
കരുനിര വാർത്തു പണിക്കേകി.”

വൈലോപ്പിള്ളി കർഷകരെക്കുറിച്ചും പണിയാളരെക്കുറിച്ചും പറയുന്നതിങ്ങനെയാണ്. പണിയെടുക്കുകയെന്നാൽ ആഭിമാനമായി കരുതുന്ന സമൂഹം.

എന്നാൽ ഇന്ന് തൊഴിലാളിക്ക് തൊഴിലിനോടും ജീവിതത്തോടുമുള്ള മനോഭാവത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നു. തൊഴിലെടുക്കുക എന്നതിനുപരി ധനസമ്പാദനത്തിനുള്ള മാർഗ്ഗം മാത്രമായാണ് ചിലർ തൊഴിലിനെ കാണുന്നത്.

*തൊഴിലിന്റെ ലക്ഷ്യം ധനസമ്പാദനം മാത്രമാണോ ?* **തൊഴിലിന്റെ മഹത്വം വെളിവാകുന്ന തരത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.**

പ്രവർത്തനം: 4

ചിത്ര രചനാ മത്സരത്തിൽ വിജയിച്ച ഭുവനയെ അഭിനന്ദിക്കുന്നതിനായി സ്കൂളിൽ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. പരിമിതമായ ജീവിത സാഹചര്യത്തിൽ നിന്നും ഇത്തരമൊരു നേട്ടത്തിനുടമയായ **ഭുവനയെ അഭിനന്ദിച്ചുകൊണ്ട് ഒരു പ്രഭാഷണം തയ്യാറാക്കുക.**( ഭുവനയുടെ നേട്ടം മറ്റു കുട്ടികൾക്ക് പ്രചോദനമാകണമെന്ന കാര്യം പ്രത്യേകം സൂചിപ്പിക്കുമല്ലോ !)

പ്രവർത്തനം: 5

“പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ”

ഒരു കാലത്ത് എല്ലാ തൊഴിലിനും അതിന്റേതായ മഹത്വമുണ്ടെന്ന് മലയാളി വിശ്വസിച്ചിരുന്നു. എല്ലാ തൊഴിലിനും പ്രാവീണ്യമുള്ള തൊഴിലാളികളും ലഭ്യമായിരുന്നു. എന്നാലിന്ന് മലയാളികൾ കൃഷിപ്പണിക്കോ വൈദഗ്ദ്ധ്യം ആവശ്യമായ മറ്റു തൊഴിലുകൾക്കോ വിരളമായി മാത്രമേ തയ്യാറാകുന്നുള്ളു. ചില പ്രത്യേക തൊഴിലുകൾക്ക് മാത്രം മാന്യത കല്പിക്കുന്ന നമ്മുടെ ഈ സ്ഥിതി മാറേ തല്ലേ? **നിങ്ങളുടെ അഭിപ്രായം ഉദാഹരണ സഹിതം ഉപന്യാസം തയ്യാറാക്കുക.**

**മേഖല : വർണന**

പ്രവർത്തനം : 1

കടുത്ത വേനൽക്കാലത്തിനു വിരാമമിട്ടുകൊണ്ട് പെയ്ത മഴയ്ക്കു ശേഷം പുറത്തിറങ്ങി നോക്കിയാൽ കാണുന്ന *പ്രകൃതിയുടെ ഭാവം എന്താണ്*? മഴയ്ക്കു ശേഷമുള്ള പ്രകൃതിയെ വർണ്ണിച്ചു നോക്കിയാലോ?

**പുതുമഴയ്ക്കു ശേഷമുള്ള പ്രകൃതിക്കുണ്ടാകുന്ന മാറ്റം വർണ്ണിക്കുക.**

പ്രവർത്തനം : 2

'ചായച്ചെപ്പും തുറന്നു കൊണ്ടെത്തിയ
സായം സന്ധ്യയ്ക്കു രോമാഞ്ചം'

പൊന്നുരുക്കിയ പോലെ പോക്കുവെയിൽ തിളങ്ങി. സിന്ദൂരം വാരിത്തൂകിയ ആകാശം..........................സൂര്യൻ ഒരു സ്വർണ്ണ ഗോളമായിരിക്കുന്നു........ ................................

*സായം സന്ധ്യയെക്കുറിച്ചുള്ള ഒരു വർണ്ണനയാണിത്.* **വർണന പൂർത്തിയാക്കുക.**

പ്രവർത്തനം : 3

പൂത്തും തളിർത്തും കായ്ച്ചും നൽക്കുന്ന പച്ചക്കാടുകൾ.........വള്ളിക്കുടിലുകൾ........... കളകളാരവം പൊഴിക്കുന്ന കൊച്ചരുവികൾ...നീലക്കൊടുവേലിയും തേടിയുള്ള അപ്പുവിന്റെയും ശ്രീധരന്റെയും യാത്ര...........കാട്...........പൊന്തകളിൽ വലിയ ചോരത്തുള്ളികൾ പോലെ തെച്ചിപ്പഴങ്ങൾ..........ശ്രീധരൻ ആശ്ചര്യത്തോടെ കാടിന്റെ ഭംഗി ആസ്വദിച്ചു.

**കാടിന്റെ മനോഹാരിത നിങ്ങളുടെ ഭാവനയിൽ വർണ്ണിക്കുക.**

പ്രവർത്തനം : 4

'കരുണ'യിൽ ആൽമരത്തെ കുമാരനാശാൻ എത്ര മനോഹരമായാണ് വർണ്ണിച്ചിരിക്കുന്നത്.

നടുവിലങ്ങു നിൽക്കുന്നു വലിയൊരശ്വർത്ഥം മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും
ചടുലദളങ്ങളിലും ശ്രുഗഭാഗത്തിലും വെയിൽ
തടവിച്ചു വന്നു കാറ്റിലിളകി
മെല്ലെ തടിയനരയാലതു....... തലയിൽ തീകാളും നെടും
ചുടലഭൂതം കണക്കെ ചലിച്ചു നിൽപ്പൂ

'കരുണ - ആൽമരം '

മടവൂർ രാധാകൃഷ്ണൻ മരത്തെ വർണ്ണിച്ചിരിക്കുന്നത് നോക്കൂ.......

'കിളികളൊക്കെയും പറന്നുചേക്കേറും
മരമൊരെണ്ണമാ മതിൽക്കെട്ടിനുള്ളിൽ
പുറം ദ്രവിച്ചുമീ പട്ടകൾ പൊട്ടിപ്പി-
ളർന്നു കേറിയുമിരിപ്പാണെപ്പൊഴു-
മില കൊഴിഞ്ഞുമീ നരച്ചൊരാൽമരം'

ഈ വർണനകൾ ശ്രദ്ധിച്ചല്ലോ ? **നിങ്ങളുടെ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു വൃക്ഷത്തെ വർണ്ണിക്കുക.**

പ്രവർത്തനം : 5

രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാ വിവരണം കൂട്ടുകാർ വായിച്ചിരിക്കേ ഒരു പുസ്തകമാണ്. അതിലെ ഒരു ഭാഗം ഇതാ.-

''പാതയുടെ ഒരു ഭാഗത്ത് ഇടതിങ്ങിയ കാടുകളായിരുന്നു. ഇടയ്ക്കിടെ പൈൻ മരക്കാടുകളും കാണാം. അങ്ങനെ നടക്കെ പ്രഭാത സൂര്യന്റെ രശ്മികൾ മൂടൽ മഞ്ഞുമായി ലയിച്ച് മരച്ചില്ലകൾക്കിടയിലൂടെ കണ്ണിൽ വന്ന് അടിക്കുന്നു. കാടുകളിൽ നിന്ന് പക്ഷികളുടെ പ്രഭാത ഗീതം കേൾക്കാം. അവയ്ക്കിടയിൽ അങ്ങകലെ വെള്ളിരേഖകൾ പോലെ ജല പ്രവാഹങ്ങൾ. അല്പം മാറി ഒരു ചെറിയ കാട്ടുചോല. അത് വളരെ ഉയരത്തിൽ നിന്ന് ഒരു പാറമേൽ പതിച്ച് ശക്തിയായി ഒഴുകിക്കൊിരിക്കുന്നു. സ്ഫടികം പോലുള്ള ജലം.''...............................

*എത്ര മനോഹരമായ വർണ്ണന. നാം ദിവസേന യാത്ര ചെയ്യുന്ന വഴികളും ഇതുപോലെ മനോഹരങ്ങളല്ലേ?* **വീട്ടിൽ നിന്ന് സ്കൂളിലേയ്ക്ക് നിങ്ങൾ യാത്ര ചെയ്യുന്ന വഴി യിലെ കാഴ്ച്ചകൾ വർണിക്കുക.**

## മേഖല : 5 – ആസ്വാദനക്കുറിപ്പ്

### പ്രവർത്തനം 1

'അമ്മ കൊയ്യുന്നു' എന്ന കഥയിൽ ഭുവനയെ മനസ്സിലാക്കാനും മുന്നോട്ട് നയിക്കാനും കസ്തൂരി ടീച്ചർ ഒപ്പമുണ്ടായിരുന്നു. പലകാരണങ്ങളാലും മുന്നോട്ടുവരാൻ സാധിക്കാത്ത കുട്ടികൾ നമുക്കിട യിലുണ്ട്. എല്ലായിടത്തും കസ്തൂരി ടീച്ചർമാർ ഉണ്ടാകണമെന്നില്ലല്ലോ.

താഴെ നൽകിയിരിക്കുന്ന കവിത വായിക്കുക.

**തോറ്റകുട്ടി**

തോറ്റകുട്ടി പുറത്തേയ്ക്കിറങ്ങി
തോട്ടുവെള്ളത്തിൽ പുസ്തകം വിട്ടു
കാറ്റിലേയ്ക്കു കുടയും കൊടുത്തു
തുണ്ടുപെൻസിലെറിഞ്ഞുകളഞ്ഞു
കണ്ടകാട്ടുവഴിയിൽ നടന്നു.
തൊട്ടുമെല്ലെ വിളിച്ചപോൽ തോന്നി
തൊട്ടടുത്തു പുറകിൽ നിന്നാരോ
തിത്തരിപ്പക്ഷി മൂളിയതാവാം,
കൊച്ചുതുമ്പിയോ മൈനയോ ആവാം
കാട്ടുവള്ളിയിൽ തൂങ്ങിക്കുതിച്ചു
കാട്ടിലേയ്ക്കവൻ ചെന്നുപോൽ പിന്നെ
പൂത്ത മുല്ലതൻ സൗരഭം നീന്തും
കാറ്റവനൊരു പാട്ടുപോൽ തോന്നി
പൂക്കളൊക്കെയും വാക്കുകൾ, പായും
കാട്ടരുവി കളകളഗാനം
രാത്രി, നക്ഷത്ര വിസ്തൃതാകാശം
നീർത്തിവെച്ചൊരു പുസ്തകമായി
തോറ്റകുട്ടിയെ തോളത്തുവച്ച്

പൂത്തുനിന്നു മരതകക്കുന്ന്

തോൽക്കുകില്ല നീയെന്നേ പറഞ്ഞു

കാത്തുനിൽക്കുന്നൊരമ്പിളിത്തെല്ല്

- റഫീഖ് അഹമ്മദ്

ഈ കവിതയിലെ തോറ്റകുട്ടിയുടെ കൂട്ടുകാർ ആരൊക്കെയാണ്? അവൻ യഥാർത്ഥത്തിൽ തോറ്റവനാണോ ? കവിതയിലെ ആശയം, പ്രയോഗ ഭംഗി, സ്വന്തം നിരീക്ഷണങ്ങൾ ഇവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2**

ലോകത്തിൽ അനുദിനം നടക്കുന്ന അക്രമപരമ്പരകളിൽ എത്രയോപേരാണ് അംഗവിഹീനരാകുന്നത്. ഈ വേദനയ്ക്ക് കാലദേശ വ്യത്യാസമില്ല.

താഴെ നൽകിയിരിക്കുന്ന കവിതാ ഭാഗം വായിക്കുക.

**കാബൂൾ**

പൊടുന്നനെയപ്പോൾ

മുകളിലെങ്ങോനി-

ന്നൊരു ലോഹപ്പക്ഷി

പറന്നുതാണുവ-

ന്നൊരു പൊതി താഴേ-

ക്കെറിഞ്ഞുപോകുന്നു

അറിയാതേ, നീയ-

തെടുക്കാൻ നീങ്ങുന്നു

ബലിമൃഗത്തിനു-

മൊരു പഴം നീട്ടും

കൊലയാളിക്കെഴും

ഉദാരതയാവാം.

ഒരു റൊട്ടിത്തുണ്ടോ

മധുര ബിസ്ക്കറ്റോ

കൊതിച്ചു നീ വേഗ-

മെടുക്കാനായുമ്പോൾ

ഒരു വിസ്ഫോടനം !

കരിമ്പുക ! എങ്ങും

ഇരുൾമാത്രം ! ദീന -

മൊരു നിലവിളി !

(ഒ.എൻ.വി)

അതിനുമപ്പുറം എന്ന യൂണിറ്റിൽ ജന്മനാ ലഭിക്കുന്ന കുറവുകൾ ഉള്ളവരെ നാം കണ്ടു. എന്നാൽ മറ്റുള്ളവരുടെ ക്രൂരത നിമിത്തം അംഗവൈകല്യം വന്ന് വേദനിക്കുന്നവർ നമുക്ക് ചുറ്റുമില്ലേ. ഈ കവിത എന്താണ് നമ്മോട് പറയുന്നത്?. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. കവിതയുടെ കാലിക പ്രസക്തികൂടി കണക്കിലെടുക്കുമല്ലോ.

**പ്രവർത്തനം 3**

## മനുഷ്യന്റെ കൈകൾ

മനുഷ്യന്റെ കൈകൾ, മരിക്കാത്ത കൈകൾ

കടുംപാറ പൊട്ടിച്ചുടയ്ക്കുന്ന കൈകൾ

ഇരുമ്പൊത്തു തല്ലിത്തഴമ്പിച്ച കൈകൾ

ഉലയ്ക്കുള്ളിലൂതിപ്പഴുപ്പിച്ച കൈകൾ

കലപ്പക്കരുത്തിൽ തുടിയ്ക്കുന്ന കൈകൾ

കൊഴുക്കുന്ന ചേറിൽപ്പുളയ്ക്കുന്ന കൈകൾ

വിപുലമായ ലോകം വിയർപ്പിൽക്കതിർത്തി

വെളുക്കുംവരെത്തച്ചലയ്ക്കുന്ന കൈകൾ

മലയ്ക്കൊത്ത ഭാരം ചുമക്കുന്ന കൈകൾ

മഹാസൗധമെല്ലാം പടുക്കുന്ന കൈകൾ

ചരിത്രങ്ങൾ എല്ലാം പടയ്ക്കുന്ന കൈകൾ

പെരുങ്കാലചക്രം തിരിക്കുന്ന കൈകൾ

ഇരുട്ടത്തു പന്തം പിടിയ്ക്കുന്ന കൈകൾ

പ്രഭാതങ്ങൾ തൻ പേറെടുക്കുന്ന കൈകൾ

മനുഷ്യന്റെ കൈകൾ മരിക്കാത്ത കൈകൾ

(ബാലചന്ദ്രൻ ചുള്ളിക്കാട്)

അദ്ധ്വാനത്തിന്റെ മഹത്വം പ്രകീർത്തിക്കുന്ന വരികളാണിവ. മനുഷ്യന്റെ കൈകൾ പ്രകൃതിയിലുണ്ടാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മഹത്തരമാണ്. 'തരിശുനിലങ്ങളിലേക്ക്' എന്ന കവിതയിലൂടെ അദ്ധ്വാനത്തിന്റെ മഹത്വം മനസിലാക്കിയല്ലോ. 'മനുഷ്യന്റെ കൈകൾക്ക്' ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 4**

ഒരോണക്കാലം കൂടി വരവായി. പാടങ്ങളിൽ നിന്ന് കൊയ്ത്തുപാട്ടുകൾ ഉയരുന്നുണ്ടോ? അദ്ധ്വാനിക്കുന്നവന്റെ പ്രതീക്ഷയ്ക്ക് ചിറക് വയ്ക്കുന്നുണ്ടോ?. അവഗണിക്കപ്പെടുന്നവർക്ക് സന്തോഷത്തിന്റെ ലോകങ്ങൾ തുറന്നു കിട്ടുമോ? മലയാളികൾ പ്രതീക്ഷയോടെ ഓണത്തെക്കാത്തിരിക്കുകയാണ്. താഴെക്കൊടുത്തിരിക്കുന്ന കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## മഹാകലി വരണം

ഒരുനാളിതിലേ വരവായോണം

വരവേറ്റതിന്നെപ്പുണരുകവേണം

നൃത്തം ചെയ്യുകനീയെൻ മുന്നിൽ

വൃത്തമൊരുക്കും പൂക്കളമൊന്നിൽ

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പുതു

പത്തായങ്ങൾ നിറയ്ക്കുക നമ്മൾ

പൂവുകൾ നുള്ളാനില്ലെന്നാലും

ഉള്ളിൽപ്പൂത്തുവിടർന്നീടട്ടെ

കല്പനകൊണ്ടു മഹാനഷ്ടങ്ങളി

തില്പരമെങ്ങനെ നമ്മൾ നികത്തും?

വയലുകളിൽ വരിനെല്ലുകളില്ല

കെട്ടിടമില്ലാതൊട്ടിടമില്ല

പുഴയിൽ തെളിനീരല്പവുമില്ല
നിഴലിനുപോലും സ്വസ്ഥതയില്ല
കള്ളംകൊണ്ടുനിറഞ്ഞു, മുങ്ങും
വള്ളംകളിയാണെവിടെയമിപ്പോൾ
മാനുഷ്യരെല്ലാമവരവരെപ്പോൽ
ഒരുമകളില്ലാതൊരുമിക്കുന്നു.

(ഗിരീഷ് പുലിയൂർ)

**പ്രവർത്തനം 5**

ഇനിയും സഹിക്കാൻ എനിക്കു കഴിയില്ല. എന്തൊരു വിശപ്പ്. ഇന്ന് മനു ക്ലാസ്സിൽ ആദ്യമായി സംസാരിച്ചു. ആരോടുമല്ല. ഒറ്റയ്ക്ക്. ക്ലാസ്സിൽ അവന്റെ ഇരിപ്പിടം ലാസ്റ്റ് ബഞ്ചിന്റെ മൂലയിലാണ്. ക്ലാസിൽ ടീച്ചർ ക്ലാസ്സെടുക്കുമ്പോഴും അവന്റെ ശ്രദ്ധ കീറിയ ഒരു ബാഗിനകത്തുള്ള വക്കു പൊട്ടിയ പാത്രത്തിലേയ്ക്കാണ്. ആ പാത്രത്തിലാണ് അവൻ ചോറ് വാങ്ങാറ്.

ഇന്നലെ രാത്രി ഇത്തിരി കഞ്ഞിവെള്ളം മാത്രമാണ് കുടിച്ചത്. നാലാം പീരിഡായി. പ്യൂൺ ബെല്ലുമുട്ടി എടുത്ത് രണ്ട് ബെല്ലടിച്ചാൽ കഞ്ഞിക്ക് വിടും. പക്ഷെ ബെല്ലടിക്കുന്നില്ലല്ലോ.

അവൻ ഗോപിയുടെ കയ്യിലുള്ള വാച്ചിലേക്ക് നോക്കി. ഇപ്പോ ബെല്ലടിക്കും. എന്താ അയാൾ ബെല്ലടിക്കാത്തെ? അതാ പ്യൂൺ ക്ലാസിലേക്ക് ഓടിവന്നു. എന്നിട്ട് ടീച്ചറോട് എന്തോ പറഞ്ഞിട്ട് അടുത്ത ക്ലാസിലേക്ക് ഓടി.

ഇന്നു കഞ്ഞിയില്ല, എല്ലാവരും വീട്ടിൽ പോയി ഭക്ഷണം കഴിച്ച് വരണം. ടീച്ചർ പറഞ്ഞു. അവന്റെ മനസ്സ് പൊട്ടിക്കരഞ്ഞു. പക്ഷെ അവന്റെ മുഖത്ത് അതിന്റെ ഒരു ഭാവവുമില്ല.

കുട്ടികൾ അവരുടെ വീട്ടിലേക്കോടാൻ തുടങ്ങി. അവൻ കീറബാഗും വക്ക് പൊട്ടിയ പാത്രവുമെടുത്ത് എങ്ങോട്ടെന്നില്ലാതെ........

(പുതുമഴ) (അഷിതതസ്‌ലി കെ.)

കഥയുടെ ആശയം, ആവിഷ്ക്കാരഭംഗി, സ്വന്തം നിരീക്ഷണങ്ങൾ ഇവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.